**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4975** **20-07-2022 - ൽ മറുപടിയ്ക്ക്**

**തൊഴിൽ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ തൊഴിൽ നയം എന്താണെന്ന് അറിയിക്കുമോ; | (എ) | കേരളത്തിന്റെ സാമൂഹിക സാമ്പത്തിക മേഖലകളുടെ സമഗ്രമായ വളർച്ചയും. തൊഴിലാളി സമൂഹത്തിന്റെ ക്ഷേമവും സാമൂഹിക സുരക്ഷയും ഉറപ്പാക്കി, കേരളത്തെ ഒരു തൊഴിലാളി സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും, സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യം വച്ചും സർക്കാർ ആവിഷ്ക്കരിച്ചതാണ് തൊഴിൽ നയം. |
| (ബി) | സംസ്ഥാനത്ത് മിനിമം കൂലി ഉറപ്പാക്കുന്നതിനും നോക്കുകൂലി നിർമാർജ്ജനം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | ജില്ലാ ലേബർ ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാനത്ത് മിനിമം കൂലി ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തി കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്വാസി-ജുഡീഷ്യൽ അധികാരിയായ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുൻപാകെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്യുന്നു. ഡെപ്യൂട്ടി ലേബർ കമ്മീഷണർ പരാതി കേട്ട ശേഷം തൊഴിലാളിക്ക് മിനിമം കൂലി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നു. ഈ പ്രവർത്തനങ്ങൾ റീജിയണൽ തലത്തിലും സംസ്ഥാനതലത്തിൽ ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിൽ അഡീഷണൽ ലേബർ കമ്മീഷണറും (എൻഫോഴ്സ്മെന്റ്) നിരീക്ഷിച്ച് നടപടി നടപ്പിലാക്കുന്നു . തൊഴിലാളികൾക്ക് മിനിമം വേതനവും മറ്റ് ആവശ്യ സൗകര്യങ്ങളും, ഉറപ്പ വരുത്തുന്നതിനായി സംസ്ഥാന തലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാതലത്തിൽ ജില്ലാ ലേബർ ഓഫീസർ (ഇ)-യുടെ നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും 101 |

| | | | |
|---|---|---|---|
| | | | അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപന പരിശോധനകളും നടത്തിവരുന്നു.<br><br>കേരളത്തിൽ ചുമട്ടു തൊഴിലെടുക്കുന്ന ബഹുഭൂരിപക്ഷം തൊഴിലാളികളും ട്രേഡ് യൂണിയനുകളും നോക്കുകൂലിക്കെതിരായി ശക്തമായ നിലപാട് കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ ചുരുക്കം ചില തൊഴിലാളികൾക്കിടയിൽ നോക്കു കൂലിയും അമിതകൂലിയും ആവശ്യപ്പെടുന്ന പ്രവണത ഇപ്പോഴും തുടർന്നുവരുന്നതായി കണ്ടിട്ടുണ്ട്. ഇത്തരം അനാരോഗ്യ പ്രവണതകൾ അവസാനിപ്പി ക്കുന്നതിനുവേണ്ടി ട്രേഡ് യൂണിയനുകളുടെയും ചുമട്ട് തൊഴിലാളി ക്ഷേമബോർഡിന്റെയും തൊഴിൽ വകുപ്പിന്റെയും നേതൃത്വത്തിൽ തൊഴിലാളികൾക്കിടയിൽ അവ ബോധവും പ്രചാരണവും നടത്തിയതിന്റെ ഫലമായി നോക്കുകൂലി ഏറെക്കുറെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. നോക്കുകൂലി ആവശ്യപ്പെട്ടിട്ടുള്ള പരാതികളിൽ ഉടനടി പരിഹാരം കാണുന്നതിനും ഇത്തരത്തിലുള്ള പരാതികൾ നേരിട്ട് അറിയിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി **"തൊഴിൽ സേവ"** എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചുണ്ട്. പൊതുജനങ്ങൾക്ക് കയറ്റിറക്കുമായി ബന്ധപ്പെട്ട പരാതികൾ ടി ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇപ്രകാരം പരാതികൾ രജിസ്റ്റർ ചെയ്യുമ്പോൾ തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അടിയന്തിരമായി ഇടപെടുകയും നോക്കുകൂലി ആവശ്യപ്പെട്ടതായി ബോദ്ധ്യപ്പെട്ടാൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. |
| (സി) | സർക്കാരും ബഹു. ഹൈക്കോടതിയും ഇടപെട്ടിട്ടും ഇപ്പോഴും നോക്കുകൂലി നിലനിൽക്കുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ജില്ലാ ലേബർ ഓഫീസർമാരുടെ (എൻഫോഴ്സ്മെന്റ്) നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാനത്ത് മിനിമം കൂലി ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം കടകളിലും വാണിജ്യ സ്ഥാപനങ്ങളിലും പരിശോധനകൾ നടത്തി കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും മിനിമം വേതനം നൽകാത്ത കേസുകളിൽ ക്വാസി-ജുഡീഷ്യൽ അധികാരിയായ ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുൻപാകെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും ചെയ്യുന്നു. ഡെപ്യൂട്ടി ലേബർ കമ്മീഷണർ പരാതി കേട്ട ശേഷം തൊഴിലാളിക്ക് മിനിമം കൂലി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നു. ഈ പ്രവർത്തനങ്ങൾ റീജിയണൽ തലത്തിലും സംസ്ഥാനതലത്തിൽ ലേബർ |

| | | | |
|---|---|---|---|
| | | | കമ്മീഷണറുടെ മേൽനോട്ടത്തിൽ അഡീഷണൽ ലേബർ കമ്മീഷണറും (എൻഫോഴ്സ്മെന്റ്) നിരീക്ഷിച്ച് നടപടി നടപ്പിലാക്കുന്നു . തൊഴിലാളികൾക്ക് മിനിമം വേതനവും മറ്റ് ആവശ്യ സൗകര്യങ്ങളും, ഉറപ്പു വരുത്തുന്നതിനായി സംസ്ഥാന തലത്തിൽ സ്പെഷ്യൽ ഡ്രൈവുകളും ജില്ലാതലത്തിൽ ജില്ലാ ലേബർ ഓഫീസർ (ഇ)-യുടെ നേതൃത്വത്തിൽ ജില്ലാതല സ്ക്വാഡ് പരിശോധനകളും 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപന പരിശോധനകളും നടത്തിവരുന്നു.<br><br>കേരളത്തിൽ ചുമട്ടു തൊഴിലെടുക്കുന്ന ബഹുഭൂരിപക്ഷം തൊഴിലാളികളും ട്രേഡ് യൂണിയനുകളും നോക്കുകൂലിക്കെതിരായി ശക്തമായ നിലപാട് കൈക്കൊണ്ടിട്ടുണ്ട്. എന്നാൽ ചുരുക്കം ചില തൊഴിലാളികൾക്കിടയിൽ നോക്കു കൂലിയും അമിതകൂലിയും ആവശ്യപ്പെടുന്ന പ്രവണത ഇപ്പോഴും തുടർന്നുവരുന്നതായി കണ്ടിട്ടുണ്ട്. ഇത്തരം അനാരോഗ്യ പ്രവണതകൾ അവസാനിപ്പി ക്കുന്നതിനുവേണ്ടി ട്രേഡ് യൂണിയനുകളുടെയും ചുമട്ട് തൊഴിലാളി ക്ഷേമബോർഡിന്റെയും തൊഴിൽ വകുപ്പിന്റെയും നേതൃത്വത്തിൽ തൊഴിലാളികൾക്കിടയിൽ അവ ബോധവും പ്രചാരണവും നടത്തിയതിന്റെ ഫലമായി നോക്കുകൂലി ഏറെക്കുറെ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. നോക്കുകൂലി ആവശ്യപ്പെട്ടിട്ടുള്ള പരാതികളിൽ ഉടനടി പരിഹാരം കാണുന്നതിനും ഇത്തരത്തിലുള്ള പരാതികൾ നേരിട്ട് അറിയിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി "**തൊഴിൽ സേവ**" എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചുണ്ട്. പൊതുജനങ്ങൾക്ക് കയറ്റിറക്കുമായി ബന്ധപ്പെട്ട പരാതികൾ ടി ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇപ്രകാരം പരാതികൾ രജിസ്റ്റർ ചെയ്യുമ്പോൾ തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അടിയന്തിരമായി ഇടപെടുകയും നോക്കുകൂലി ആവശ്യപ്പെട്ടതായി ബോദ്ധ്യപ്പെട്ടാൽ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. |
| (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നോക്കുകൂലി സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ; | (ഡി) | ഉണ്ട്. മൂന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു . |
| (ഇ) | പ്രസ്തുത പരാതികളിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (ഇ) | ഉണ്ട്. മൂന്ന് പരാതികൾ ലഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു . |

സെക്ഷൻ ഓഫീസർ

## അനുബന്ധം - 1

**കോട്ടയം : ഒന്ന്.**

വൈക്കം താലൂക്കിലെ മുളക്കുളം വില്ലേജിൽ ശ്രീ.സജി.സി.പി യുടെ ഉടമസ്ഥതയിൽ പണിതുകൊണ്ടിരുന്ന കെട്ടിടത്തിന്റെ പണികൾക്ക് ആവശ്യമായ സാധനങ്ങൾ ഇറക്കുന്നതിന് തൊഴിലാളികൾ നോക്കുകൂലി ആവശ്യപ്പെട്ട എന്ന പരാതി - കോട്ടയം ജില്ലാ ലേബർ ഓഫീസറുടെ നിർദ്ദേശത്തെ തുടർന്ന് വൈക്കം അസിസ്റ്റന്റ് ലേബർ ഓഫീസർ പരാതിയിൽ ഇടപെട്ട് പരിഹരിച്ചിട്ടുണ്ട്.

**തൃശ്ശൂർ : ഒന്ന്**

വടക്കാഞ്ചേരി അസിസ്റ്റന്റ് ലേബർ ഓഫീസറുടെ അധികാരപരിധിയിൽ നോക്കുകൂലി ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ചിട്ടുള്ള പരാതിയിന്മേൽ അന്വേഷണം നടത്തി 10 തൊഴിലാളികളുടെ കാർഡ് സസ്പെൻഡ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചു.

**ആലപ്പുഴ : ഒന്ന്**

ആലപ്പുഴ ജില്ലാ ലേബർ ഓഫീസിൽ നോക്കുകൂലി ആവശ്യപ്പെട്ടതുമായി ബന്ധപ്പെട്ട് ലഭിച്ച ഒരു പരാതി അപ്പോൾ തന്നെ പരിഹരിച്ചിട്ടുണ്ട്.

Anishan

**സെക്ഷൻ ഓഫീസർ**